08.06.2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/06/2024

1. കേരള കർഷക തൊഴിലാളി ക്ഷേമനിധി എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ നിന്ന് ജൂൺ 10-ന് വാരപ്പെട്ടി, 13-ന് ആയവന, 20-ന് ഏഴീക്കര, 24-ന് മലയാറ്റൂർ, 27-ന് പൈങ്ങോട്ടൂർ എന്നീ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ അംശാദായം സ്വീകരിക്കുന്നതിനും പുതിയ അംഗങ്ങളെ ചേർക്കുന്നതിനുമായി സിറ്റിംഗ് നടത്തുന്നു. അംശദായം അടയ്ക്കുവാൻ അംഗത്തിന്റെ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവ കരുതേണ്ടതും പുതിയ അംഗത്വം എടുക്കേണ്ടവർ സ്കൂൾ സർട്ടിഫിക്കറ്റ്, ആധാർകാർഡ്, തിരിച്ചറിയൽ കാർഡ്, സ്വന്തം പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ ആദ്യത്തെ പേജ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്നും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

2. കേരളത്തിലെ നാളികേര കർഷകർക്കും, സംരംഭകർക്കും തെങ്ങു കയറ്റത്തിനും മറ്റ് കേര സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി പരിശീലനം ലഭിച്ച തെങ്ങ് കയറ്റക്കാരെ ലഭ്യ മാക്കുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തന സമയം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കാർഷിക കോളേജ് വെള്ളാനിക്കരയിൽ 2024- 25 അധ്യയന വർഷത്തെ ഡി.ബി.ടി സപ്പോർട്ടഡ് എം.എസ്.സി അഗ്രി മോളിക്യൂലാർ ബയോളജി ആൻഡ് ബയോടെക്നോളജി കോഴ്സിലേക്കുള്ള പ്രവേശനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചു.

യോഗ്യത, അപേക്ഷ എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും സർവ്വകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 10 (10.06.2024)

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്രവിഭാഗത്തിൽ ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ കൂർക്ക തലകൾ വിൽപനക്ക് തയ്യാറായിട്ടുണ്ട്. വിൽപന സമയം രാവിലെ 9:00 മണി മുതൽ 4:00 മണി വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാല 2024 -25 അധ്യയന വർഷത്തെ വിവിധ കോഴ്സുകളിലേക്ക് കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച പുതിയ കോഴ്സുകൾക്കുൾപ്പെടെ അപേക്ഷ ക്ഷണിച്ചു. വിവിധ കോഴ്സുകളുടെ പ്രോസ്പക്റ്റസ്, ഫീസ് ഘടന, സീറ്റുകളുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങൾ അറിയാനായി www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി : കൃഷി ശാസ്ത്രം, ഓർഗാനിക് അഗ്രികൾച്ചർ എന്നീ ഡിപ്ലോമ കോഴ്സുകൾക്ക് ജൂൺ 14 (14.06.2024) വരെയും, മറ്റു കോഴ്സുകൾക്ക് ജൂൺ 11 (11.06.2024) വരെയും അപേക്ഷിക്കാം. കൂടുതൽ അന്വേഷണങ്ങൾക്കായി, 0487-2438139, 0487-2438143 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ പ്ലാവ് (മുട്ടൻവരിക്ക, ചെമ്പരത്തി വരിക്ക, തേൻവരിക്ക) മുതലായ തൈകൾ, കമ്പോഡിയൻ ഓറഞ്ച്, മാവ് (ഗ്രാഫ്റ്റ്, കോട്ടുകോണം, ചാന്ദ്രക്കാരൻ, നീലം), സപ്പോർട്ട ഗ്രാഫ്റ്റ്, തായ്‌ലന്റ് ജാംബ, പേര, നാരകം പതിത്തൈകൾ, കമുകുതൈ, തെങ്ങിൻതൈ (WCT, കുള്ളൻ), പച്ചക്കറി

വിത്ത് തൈകൾ ഫലവർഗങ്ങളുടെ തൈകൾ, ടിഷ്യൂകൾച്ചർ ബനാന എന്നിവ ലഭ്യമാണ്. വിളിക്കേണ്ട ഫോൺ നമ്പർ 9383470306.

7. സംസ്ഥാനത്തെ 13 ജില്ലകളിലെ വിവിധ സർക്കാർ ഫാമുകളിലായി 11 ലക്ഷത്തോളം വിവിധ ഇനം തെങ്ങിൻ തൈകൾ നെടിയ ഇനം, കുറിയ ഇനം എന്നിവയ്ക്ക് 100 രൂപ വീതവും, ഹൈബ്രിഡ് ഇനത്തിന് 250 രൂപ നിരക്കിലും വിൽപനക്കായി ഫാമുകളിൽ തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് തെങ്ങിൻ തൈകൾ ഫാമിൽ നിന്നും നേരിട്ട് വിലയ്ക്ക് വാങ്ങാവുന്നതാണ് .

**പരിശീലന പരിപാടി**

8. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ജൂൺ 19 മുതൽ 29 വരെ 10 ദിവസങ്ങളിലായി 'ക്ഷീരോത്പന്ന നിർമ്മാണ പരിശീലന പരിപാടി' സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള ക്ഷീര കർഷകർക്കും സംരഭകർക്കും ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലനാർത്ഥികൾ 2024 ജൂൺ 15-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 04762698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

9. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ജൂൺ 13, 14 തീയതികളിൽ ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 9388834424/9446453247 എന്നീ ഫോൺ നമ്പരുകളിലേക്ക് whatsapp സന്ദേശം അയക്കുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

10. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് പരിശീലനം നടത്തുന്നു. 2024 ജൂൺ 12-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ചാണ് പരിശീലനം. കർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്കെല്ലാം പരിശീലനം പ്രയോജനം ചെയ്യും. റബ്ബർതോട്ടങ്ങളിൽനിന്ന് അധികവരുമാനം നേടുന്നതിനുള്ള മാർഗ്ഗമാണ് തേനീച്ചവളർത്തൽ. ശാസ്ത്രീയമായ രീതികൾ അവലംബിക്കുന്നതിലൂടെ തേനീച്ചവളർത്തലിൽനിന്ന് മെച്ചപ്പെട്ട വരുമാനം നേടാൻ കഴിയും. കൂടുതൽ വിവരങ്ങൾക്ക് **9447710405** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം